# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1130 — 04/12/2014 ൽ മറുപടിക്ക്

## സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>,, വി.റ്റി.ബൽറാം<br>,, എ.റ്റി.ജോർജ്<br>,, വി.ഡി സതീശൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. സർക്കാർ / എയിഡഡ് സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യയൂണിഫോം നൽകിവരുന്നു. |
| ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) കുട്ടികളെ സ്കൂളുകളിലേയ്ക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായാണ് സൗജന്യ യൂണിഫോം വിതരണം ചെയ്തുതുടങ്ങിയത്. സാമൂഹ്യ വൈജാത്യം ഒഴിവാക്കുക, തുല്യത ഉറപ്പുവരുത്തുക, സാമൂഹ്യ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുക എന്നിവയാണ് ലക്ഷ്യം. |
| സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | സി) യൂണിഫോമിനുവേണ്ടി അനുവദിക്കപ്പെട്ടിരിക്കുന്ന തുക എസ്.എസ്.എയുടെ സംസ്ഥാന ഓഫീസ്സിൽ നിന്നും എല്ലാ ജില്ലാ പ്രോജക്ട് ഓഫീസുകളിലേയ്ക്കും കൈമാറുകയും ജില്ലകൾ അവ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിലെത്തിക്കുകയും ചെയ്യുന്നു. ബി.ആർ.സികൾ ആവശ്യത്തിനനുസരിച്ച് അധ്യായന വർഷം ആരംഭിക്കുന്നതിന് മുമ്പോ, ആരംഭിക്കുമ്പോഴോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി)യുടെ അനുമതിയോടെ സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ഗുണമേന്മയുള്ള യൂണിഫോമുകൾ വാങ്ങുന്നതിനുള്ള തുക കൈമാറുന്നു. |
| ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) 2014-15 വർഷത്തെ സ്കൂൾ യൂണിഫോം നവംബർ 30 നകം വിതരണം പൂർത്തിയാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ